CENTRE FOR CONTINUING EDUCATION KERALA

C C E K

# CENTRE FOR CONTINUING EDUCATION KERALA

Anathara Lane, Charachira, Kowdiar P.O., Thiruvananthapuram, Kerala, PIN - 695 003

നമ്പർ : സി.ഇബി/1610//2025

തീയതി : 20/06/2025

## കുറിപ്പ്

സർ,

വിഷയം : സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരള – കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമി – മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായുള്ള വിദ്യാതീരം സ്കോളർഷിപ്പ് 2025-2026 – സംബന്ധിച്ച്.

ഫിഷറീസ് വകുപ്പിൽ നിന്നും മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികളെ വിദ്യാതീരം സ്കോളർഷിപ്പ് (2025-2026) പദ്ധതിപ്രകാരം സിവിൽ സർവ്വീസ് പരീക്ഷാപരിശീലനത്തിന് തെരെഞ്ഞെടുക്കുന്നതിനുള്ള പ്രവേശന പരീക്ഷയിലെ കാലതാമസം കാരണം നിരവധി വിദ്യാർത്ഥികൾക്ക് അക്കാഡമിയുടെ പ്രിലിംസ് കം മെയിൻസ് (ജൂൺ ബാച്ചിൽ) അഡ്മിഷൻ ലഭിക്കുവാൻ കാലതാമസം നേരിടുന്നതായും ആയത് പരിഹരിക്കണമെന്നും നിരവധി വിദ്യാർത്ഥികളിൽ നിന്നും അപേക്ഷകൾ ലഭിക്കുകയുണ്ടായി.

ആയത് പരിശോധിച്ചതിൽ മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികളിൽ നിന്നും 2000/- രൂപ Caution Deposit ഉം, ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്ന സമ്മതപത്രവും വാങ്ങിക്കൊണ്ട് അഡ്മിഷൻ നൽകുവാൻ തീരുമാനിച്ചിട്ടുള്ള വിവരം അറിയിക്കുന്നു.

ഇപ്രകാരം അഡ്മിഷൻ നൽകുന്ന വിദ്യാർത്ഥികൾ, വിദ്യാതീരം സ്കോളർഷിപ് (2025-2026) പദ്ധതി പ്രകാരമുള്ള പ്രവേശനത്തിന് അർഹതയുള്ള വിദ്യാർത്ഥികളുടെ അന്തിമ പട്ടികയിൽ ഉൾപ്പെടാത്ത പക്ഷം, ടി ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഒരാഴ്ചയ്ക്കകം, സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിനുള്ള മുഴുവൻ ഫീസും (40000/- രൂപ + 18% ജി.എസ്.ടി) വിദ്യാർത്ഥികളിൽ നിന്നും അക്കാഡമിയിൽ അടവാക്കുവാൻ എല്ലാ ജില്ലാ കോ-ഓർഡിനേറ്റർമാരും ഉറപ്പുവരുത്തേണ്ടതാണ്.

ഒപ്പ്
മാധവികുട്ടി.എം.എസ് ഐ.എ.എസ്
ഡയറക്ടർ

അംഗീകാരത്തോടെ
സെക്ഷൻ ഹെഡ്

കോ-ഓർഡിനേറ്റർ
കെ.എസ്.സി.എസ്.എ സബ്സെന്ററുകൾ

SVS

# സമ്മതപത്രം

ഞാൻ,...............................................................................................................................

.......................................................................................................................................

.......................................................................................................................(വിദ്യാർത്ഥിയുടെ പേരും മേൽവിലാസവും) മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥിയാണ്. ഫിഷറീസ് വകുപ്പിന്റെ വിദ്യാതീരം സ്കോളർഷിപ്പ് (2025-2026) പദ്ധതി പ്രകാരം കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമിയിലേക്കുള്ള പ്രവേശനത്തിന് അർഹതയുള്ള വിദ്യാർത്ഥികളുടെ ലിസ്റ്റിൽ ഞാൻ ഉൾപ്പെടാത്ത പക്ഷം, ടി ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഒരാഴ്ചയ്ക്കകം, സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിനുള്ള മുഴുവൻ ഫീസും (40000/- രൂപ + 18% ജി.എസ്.ടി) കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമിയിൽ ഒടുക്കുന്നതാണ്.

റോൾ നമ്പർ :

കെ.എസ്.സി.എസ്.എ സെന്റർ :

തീയതി :

സ്ഥലം : വിദ്യാർത്ഥിയുടെ പേരും, ഒപ്പും